പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4744 21.10.2011 ൽ മറുപടിയ്ക്ക്

സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ വൈദ്യുത പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികളായ അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതി (30MW), ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.5MW), പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24MW) എന്നിവയ്ക്ക് കേന്ദ്ര വന-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ ഉള്ള നടപടികൾ പൂർത്തിയായി വരുന്നു. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്ക് (6MW) കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) വർദ്ധിച്ച വൈദ്യുതി ആവശ്യം കണക്കിലെടുത്ത് വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) പദ്ധതിയുടെ നടത്തിപ്പ് വിവിധ തലങ്ങളിൽ അവലോകനം നടത്തി ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിയ്ക്കുന്നതിന് വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം നൽകി വരുന്നു. നിർമ്മാണം നടന്നുവരുന്ന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി ഓരോ പദ്ധതിയ്ക്കും ഓരോ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അതാത് പ്രോജക്ട് സൈറ്റുകളിൽ |

(............2)

രണ്ടു മാസത്തിലൊരിക്കൽ സിറ്റിംഗ് നടത്തി പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗ നിർദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തദ്ദേശ വാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി പോപ്പുലർ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുന്നതിന് അവ 'ഫാസ്റ്റ് ട്രാക്ക് പദ്ധതി'യിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ